DE/2554/2023-Q4
2242477/2024/FC DE

# UNIVERSITY EMPLOYMENT INFORMATION AND GUIDANCE BUREAU

## MAHATMA GANDHI UNIVERSITY KOTTAYAM

# INFORMATION BULLETIN

## MAY - 2024



CHIEF: Dr. RAJESH MANY
DEPUTY CHIEF(I/C): BIJU N

# ഉള്ളടക്കം


| | | |
|---|---|---|
| പേജ് 03–08 | : | തൊഴിൽ അവസരങ്ങൾ |
| പേജ് 09–10 | : | പൊതുവിജ്ഞാനം |
| പേജ് 11 | : | പ്രധാന ദിവസങ്ങൾ |







# ✱തൊഴിൽ അവസരങ്ങൾ✱

## കേന്ദ്ര സായുധ പോലീസിൽ അസിസ്റ്റന്റ് കമാൻഡന്റ്– 506 ഒഴിവുകൾ

കേന്ദ്ര സായുധ പോലീസ് സേനകളിലെ (സി.എ.പി.എഫ്.) അസിസ്റ്റന്റ് കമാൻഡന്റ് തിരഞ്ഞെടുപ്പിന് യൂണിയൻ പബ്ലിക് സർവീസ് കമ്മിഷൻ (യു.പി.എസ്.സി.) വിജ്ഞാപനം പ്രസിദ്ധീകരിച്ചു.

- 506 ഒഴിവുണ്ട്. ബിരുദധാരികൾക്കാണ് അവസരം. വനിതകൾക്കും അപേക്ഷിക്കാം.
- 2024 ഓഗസ്റ്റ് നാലിനായിരിക്കും പരീക്ഷ.

**ഒഴിവുകൾ**

ബി.എസ്.എഫ്.–186, സി.ആർ.പി.എഫ്.–120, സി.ഐ.എസ്.എഫ്.–100, ഐ.ടി.ബി.പി.–58, എസ്.എസ്.ബി.–42 എന്നിങ്ങനെയാണ് ഓരോ സേനയിലെയും ഒഴിവുകൾ. 10 ശതമാനം ഒഴിവ് വിമുക്തഭടന്മാർക്ക് നീക്കിവെച്ചതാണ്.

**യോഗ്യത:**

അംഗീകൃത സർവകലാശാലയിൽനിന്നുള്ള ബിരുദം. പരീക്ഷാഫലം കാത്തിരിക്കുന്നവർക്ക് നിർദിഷ്ടസമയത്തിനകം രേഖ ഹാജരാക്കാമെന്ന വ്യവസ്ഥയോടെ അപേക്ഷിക്കാം. എൻ.സി.സി.–ബി., സി. സർട്ടിഫിക്കറ്റുകളുള്ളവർക്ക് ഇൻറർവ്യൂ/പേഴ്സണാലിറ്റി ടെസ്റ്റിൽ മുൻഗണന ലഭിക്കും.

▶**പ്രായം:** 2024 ഓഗസ്റ്റ് ഒന്നിന് 20–25 വയസ്സ് (അപേക്ഷകർ 1999 ഓഗസ്റ്റ് രണ്ടിനുമുൻപോ 2004 ഓഗസ്റ്റ് ഒന്നിനുശേഷമോ ജനിച്ചവരായിരിക്കരുത്). ഉയർന്ന പ്രായപരിധിയിൽ എസ്.സി., എസ്.ടി. വിഭാഗക്കാർക്ക് അഞ്ചുവർഷത്തെയും ഒ.ബി.സി. വിഭാഗക്കാർക്ക് മൂന്നുവർഷത്തെയും ഇളവ് ലഭിക്കും.

**പരീക്ഷ:**

എഴുത്തുപരീക്ഷ, ഇൻറർവ്യൂ, കായികക്ഷമതാപരീക്ഷ, മെഡിക്കൽ പരിശോധന, പേഴ്സണാലിറ്റി ടെസ്റ്റ് എന്നിവ നടത്തിയായിരിക്കും തിരഞ്ഞെടുപ്പ്. എഴുത്തുപരീക്ഷയ്ക്ക് രണ്ട് പേപ്പറുകളുണ്ടാവും. ഒന്നാംപേപ്പർ 250 മാർക്കിനായിരിക്കും. ഒബ്ജക്ടീവ് (മൾട്ടിപ്പിൾ ആൻസേഴ്സ്) മാതൃകയിലായിരിക്കും പരീക്ഷ. ജനറൽ എബിലിറ്റി ആൻഡ് ഇന്റലിജൻസ് ആസ്പദമാക്കിയായിരിക്കും ചോദ്യങ്ങൾ. ഇംഗ്ലീഷിലും ഹിന്ദി യിലും ചോദ്യങ്ങൾ ലഭിക്കും. രണ്ടാംപേപ്പർ 200 മാർക്കിനായിരിക്കും. ജനറൽ സ്റ്റഡീസ്, എസ്സേ, കോംപ്രിഹെൻഷൻ എന്നിവയായിരിക്കും ചോദ്യമേഖലകൾ. ഇംഗ്ലീഷ്/ഹിന്ദി ആയിരിക്കും പരീക്ഷാമാധ്യമം. എഴുത്തുപരീക്ഷയിൽ തിരഞ്ഞെടുക്കപ്പെട്ടവർ കായികക്ഷമതാപരീക്ഷ അഭിമുഖീകരിക്കണം. 100 മീറ്റർ ഓട്ടം, 800 മീറ്റർ ഓട്ടം, ലോങ് ജമ്പ്, ഷോട്ട് പുട്ട് എന്നീ ഇനങ്ങളാണ് കായികക്ഷമതാപരീക്ഷയ്ക്കുണ്ടാവുക. കേരളത്തിൽ തിരുവനന്തപുരവും കൊച്ചിയുമായിരിക്കും പരീക്ഷാകേന്ദ്രങ്ങൾ.

**അപേക്ഷ:**

വിശദവിവരങ്ങളടങ്ങിയ വിജ്ഞാപനം www.upsc.gov.in ൽ ലഭിക്കും. അപേക്ഷ www.upsconline.nic.in വഴി സമർപ്പിക്കണം. വൺടൈം രജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്തവർ അത് ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്.

➤ **അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി: മേയ് 14- ന് വൈകീട്ട് ആറ്. അപേക്ഷയിൽ തിരുത്തൽ വരുത്തേണ്ടവർക്ക് മേയ് 15 മുതൽ 21 വരെ സമയമാനുസരിച്ചിട്ടുണ്ട്**

## സൈനിക് സ്കൂളിൽ 5 ഒഴിവ്

ബിഹാറിലെ ഗോപാൽഗഞ്ച് സൈനിക് സ്കൂളിൽ അധ്യാപക, അനധ്യാപക തസ്തികകളിലായി 5 ഒഴിവ്. കരാർ നിയമനം. മേയ് 30നകം അപേക്ഷിക്കണം.

**തസ്തികകൾ:** പി.ജി.ടി. (കെമിസ്ട്രി), കൗൺസലർ, നഴ്സിങ് സിസ്റ്റർ (സ്ത്രീ), ലാബ് അസിസ്റ്റന്റ്(ഫിസിക്സ്), പി.ഇ.എം./പി.ടി.ഐ. കം മേട്രൺ.

➤ യോഗ്യത ഉൾപ്പെടെ വിശദവിവരങ്ങൾക്ക്: www.ssgopalganj.in

## കേന്ദ്രസർവീസിൽ 17 ഒഴിവ്

കേന്ദ്രസർവീസിലെ വിവിധ തസ്തികകളിലേക്ക് യൂണിയൻ പബ്ലിക് സർവീസ് കമ്മിഷൻ (യു.പി.എസ്. സി.) വിജ്ഞാപനം പ്രസിദ്ധീകരിച്ചു.

- 17 ഒഴിവുണ്ട്.
- വിജ്ഞാപനനമ്പർ: 08/2024.

| തസ്തിക | ഒഴിവ് | സ്ഥാപനം/ വകുപ്പ് |
|---|---|---|
| അസിസ്റ്റന്റ് ഡയറക്ടർ (റിമോട്ട് സെൻസിങ്) | 1 (ജനറൽ) | മഹലനോബിസ് നാഷണൽ ക്രോപ്പ് ഫോർകാസ്റ്റ് സെൻറർ, കൃഷിമന്ത്രാലയം |
| ഡെപ്യൂട്ടി കമ്മിഷണർ | 2 (ജനറൽ) | കൃഷിമന്ത്രാലയം |
| ഡെപ്യൂട്ടി ഡയറക്ടർ (മെഡിക്കൽ) | 1 (ജനറൽ-ഭിന്നശേഷിക്കാർ) | ഡയറക്ടറേറ്റ് ജനറൽ ഫാക്ടറി അഡ്വൈസ് സർവീസ് ആൻഡ് ലേബർ ഇൻസ്റ്റിറ്റ്യൂട്ട്സ്, തൊഴിൽ-ഉദ്യോഗ മന്ത്രാലയം |
| അസിസ്റ്റന്റ് കൺട്രോളർ ഓഫ് മൈൻസ് | 2 (ജനറൽ), (ഒരൊഴിവ് ഭിന്നശേഷിക്കാർക്ക്) | ബ്യൂറോ ഓഫ് മൈൻസ്, ഖനിമന്ത്രാലയം. |
| ട്രെയിനിങ് ഓഫീസർ (വിമെൻ ട്രെയിനിങ്) | 1 (ജനറൽ) | ഇൻറീരിയർ ഡിസൈൻ ആൻഡ് ഡെക്കറേഷൻ ഇൻ ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിങ്, നൈപുണ്യവികസന -സംരംഭകത്വ മന്ത്രാലയം |
| ട്രെയിനിങ് ഓഫീസർ (വിമെൻ ട്രെയിനിങ്) | 3 (ജനറൽ-2, എസ്.സി.-1) | ഓഫീസ് മാനേജ്മെൻറ് ഇൻ ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിങ്, നൈപുണ്യവികസന - സംരംഭകത്വ മന്ത്രാലയം |

| | | |
|---|---|---|
| അസിസ്റ്റന്റ് പ്രൊഫസർ | കെമിസ്ട്രി–1 (ജനറൽ), ഇംഗ്ലീഷ്–1 (എസ്.ടി.), മാത്തമാറ്റിക്സ്–1 (ജനറൽ), I ഫിസിക്സ്–1 (ഒ.ബി.സി) | അംബേദ്കർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പോർട് ബ്ലെയർ |
| അസിസ്റ്റന്റ് പ്രൊഫസർ | ഹിന്ദി– 1, (ജനറൽ) | ടാഗോർ ഗവൺമൻറ് കോളേജ് ഓഫ് എജ്യുക്കേഷൻ, പോർട് ബ്ലെയർ, അന്തമാൻ –നിക്കോബാർ അഡ് മിനിസ്ട്രേഷൻ |
| സീനിയർ റിസർച്ച് ഓഫീസർ (ലാംഗ്വേജ് മീഡിയം) | 2 (ജനറൽ) | യു.പി.എസ്.സി |

- വിശദവിവരങ്ങൾ www.upsc.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും.
- അപേക്ഷ www.upsconline.nic.in വഴി ഓൺലൈനായി സമർപ്പിക്കണം.

➤ **അവസാന തീയതി: മേയ് 16**

## DRDO : 10 റിസർച്ച് ഫെലോ

ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെൻറ് ഓർഗനൈസേഷന് കീഴിൽ (ഡി.ആർ.ഡി.ഒ.) ഡൽഹിയിലുള്ള ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സൈക്കോളജിക്കൽ റിസർച്ചിൽ, ജൂനിയർ റിസർച്ച് ഫെലോയുടെ ഒഴിവിലേക്ക് അപേക്ഷിക്കാം.

- 10 ഒഴിവുണ്ട്.
- **സ്റ്റൈപ്പൻഡ്:** ആദ്യവർഷം – 30,000 രൂപ, രണ്ടാംവർഷം 42,000 – രൂപ. കൂടാതെ ഗവൺമെന്റ് നിയമാനുസൃതമായി എച്ച്.ആർ.എ.യും മറ്റ് ആനുകൂല്യങ്ങളും ലഭിക്കും.

യോഗ്യത: സൈക്കോളജി/അപ്ലൈഡ് സൈക്കോളജി വിഷയത്തിലുള്ള ബിരുദാനന്തരബിരുദം. അപേക്ഷകർ നെറ്റ് പാസായിരിക്കണം.

- **പ്രായം:** 28 വയസ്സ് കവിയരുത് (ഉയർന്ന പ്രായപരിധിയിൽ എസ്.സി/എസ്.ടി. വിഭാഗക്കാർക്ക് അഞ്ചുവർഷവും ഒ.ബി.സി. വിഭാഗക്കാർക്ക് മൂന്നുവർഷവും ഇളവ് ലഭിക്കും).

മേൽപ്പറഞ്ഞ ഒഴിവുകൾക്ക് പുറമേ, റിസർച്ച് അസോസിയേറ്റിൻ്റെ ഒരൊഴിവിലേക്കും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

അപേക്ഷാഫോം ബന്ധപ്പെട്ട രേഖകൾ സഹിതം തപാൽ മുഖാന്തരം അയക്കണം.

- വിശദവിവരങ്ങൾക്ക് www.drdo.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

➤ **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: മേയ് 14.**

## IIMK അക്രെഡിറ്റേഷൻ ആൻഡ് റാങ്കിങ് എക്സിക്യൂട്ടീവ്

കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറിൽ (IIMK) ഒഴിവുള്ള അക്രെഡിറ്റേഷൻ ആൻഡ് റാങ്കിങ് എക്സിക്യൂട്ടീവ് തസ്തികയിലേയ്ക്ക് അപേക്ഷിക്കാം. കരാർ അടിസ്ഥാനത്തിലാണ് നിയമനം.

- കാലാവധി: ഒരു വർഷം.
- ഒഴിവ്: 3

•ശമ്പളം: 40,000–50,000 രൂപ,
•യോഗ്യത: അംഗീകൃത സർവക ലാശാലയിൽ നിന്ന് മാനേജ്മെന്റ്/ എജ്യുക്കേഷനിൽ ബിരുദാനന്തരബിരുദം. 3 വർഷപ്രവൃത്തിപരിചയം (അക്രെഡിറ്റേഷൻ, ക്വാളിറ്റി അഷ്വറൻസ് അല്ലെങ്കിൽ സമാനമേഖലയിൽ). അവസാന മൂന്ന് വർഷം കുറഞ്ഞത് 35,000 രൂപ ശമ്പളമുണ്ടായിരിക്കണം.
•പ്രായം: 45 കവിയരുത്.

➢**അപേക്ഷ ഓൺലൈനായി സമർപ്പിക്കണം. അവസാനതീയതി: മേയ് 22 (5 PM).**
•വെബ്സൈറ്റ്: www.imk.ac.in.

## AIASL: 145 അവസരം

•ഒഴിവ് ജയ്പൂർ വിമാനത്താവളത്തിൽ
•തിരഞ്ഞെടുപ്പ് അഭിമുഖം വഴി
•ജയ്പൂർ വിമാനത്താവളത്തിലെ വിവിധ ഒഴിവുകളിലേക്ക് എ.ഐ, എയർ പോർട്ട് സർവീസസ് ലിമിറ്റഡ് (എ.ഐ.എ.എസ്.എൽ.) അപേക്ഷ ക്ഷണിച്ചു.
•145 ഒഴിവുണ്ട്.
•മൂന്ന് വർഷത്തേക്കുള്ള കരാർ നിയമനമാണ്. ആവശ്യമെങ്കിൽ നീട്ടിനൽകും.

### ഹാൻഡിമാൻ:

•**ഒഴിവ്** – 66.
•**യോഗ്യത:** പത്താംക്ലാസ് വിജയം, ഇംഗ്ലീഷ്, ഹിന്ദി, പ്രാദേശിക ഭാഷ എന്നിവ അറിയണം.
•**പ്രായം:** 28 കവിയരുത്. ശമ്പളം: 18,840 രൂപ.

### യൂട്ടിലിറ്റി ഏജന്റ് കം റാംപ് ഡ്രൈവർ:

•**ഒഴിവ്**–17.
•**യോഗ്യത:** പത്താം ക്ലാസ് വിജയം, എച്ച്. എം.വി. ഡ്രൈവിങ് ലൈസൻസ്.
•**ശമ്പളം:** 21,270 രൂപ.
•**പ്രായം:** 28 കവിയരുത്.

### കസ്റ്റമർ സർവീസ് എക്സിക്യൂട്ടീവ്:

•**ഒഴിവ്**–21.
•**യോഗ്യത:** 10+2+3 സമ്പ്രദായത്തിൽ നേടിയ ബിരുദം,വഴി ബന്ധപ്പെട്ട സാങ്കേതികയോഗ്യതയുള്ളവർക്ക് മുൻഗണന ലഭിക്കും
•**പ്രായം:** 28 കവിയരുത്.
•**ശമ്പളം:** ₹24,960

### ജൂനിയർ കസ്റ്റമർ സർവീസ് എക്സിക്യൂട്ടീവ്:

•**ഒഴിവ്**–21.
•**യോഗ്യത:** പ്ലസ്ടു ബന്ധപ്പെട്ട സാങ്കേതിക യോഗ്യതയുള്ളവർക്ക് മുൻഗണന . ലഭിക്കും.
•**പ്രായം:** 28 കവിയരുത്.
•**ശമ്പളം:** 21,270 രൂപ.

### റാംപ് സർവീസ് എക്സിക്യൂട്ടീവ്:

- **ഒഴിവ്**–18.
- **യോഗ്യത:** മെക്കാനി ക്കൽ/ ഇലക്ട്രിക്കൽ/ പ്രൊഡ ക്ഷൻ/ ഇലക്ട്രോണിക്സ്/ ഓട്ടോമൊബൈലിൽ ത്രിവത്സര ഡിപ്ലോമ. – അല്ലെങ്കിൽ മോട്ടോർ വെഹിക്കിൾസ് ഓട്ടോ ഇലക്ട്രിക്കൽ/ എയർ കണ്ടീഷനിങ്/ ഡീസൽ മെക്കാനിക്/ ബെഞ്ച് ഫിറ്റർ/ വെൽഡറിൽ ത്രിവത്സര ഐ.ടി.ഐ. (എൻ.സി.ടി.വി.ടി). അപേക്ഷകർക്ക് എച്ച്.എം.വി. ലൈസൻസ് ഉണ്ടായിരിക്കണം. പ്രാദേശികഭാഷ അറിയുന്നവർക്ക് മുൻഗണന ലഭിക്കും.
- **പ്രായം:** 28 കവിയരുത്.
- **ശമ്പളം:** 24,960 രൂപ.

### ജൂനിയർ ഓഫീസർ ടെക്നിക്കൽ:

- **ഒഴിവ്**–2.
- **യോഗ്യത:** മെക്കാനിക്കൽ/ ഓട്ടോമൊബൈൽ/ പ്രൊഡക്ഷൻ/ ഇലക്ട്രിക്കൽ/ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്. ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷനിൽ ഫുൾടൈം ബിരുദം, എൽ.എം.വി, എച്ച്.എം.വി. ലൈസൻസ്.
- **പ്രായം:** 28 കവിയരുത്.
- ഉയർന്ന പ്രായപരിധിയിൽ എസ്.സി, എസ്ടി, ഒ.ബി.സി. വിഭാഗങ്ങൾക്ക് നിയമാനുസൃത വയസ്സിളവ് ലഭിക്കും.
- സംവരണവിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവുണ്ട്.
- ഫീസ്: 500 രൂപ. (എസ്.സി., എസ്.ടി. വിഭാഗക്കാർക്കും വിമുക്തഭടന്മാർക്കും ഫീസ് ബാധകമല്ല). ഡിമാൻഡ് ഡ്രാഫ്റ്റായാണ് ഫീസ് അടയ്ക്കേണ്ടത്.

➢ **അഭിമുഖം: മേയ് എട്ട് മുതൽ 11 വരെയുള്ള തീയതികളിൽ രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് അഭിമുഖം നടക്കുക.**

- പൂരിപ്പിച്ച അപേക്ഷയും വിജ്ഞാപനത്തിൽ നിർദേശിച്ച മറ്റ് രേഖകളും സഹിതം എത്തണം.
- വിശദവിവരങ്ങളും അപേക്ഷാഫോമും www.aiasl.in –ൽ ലഭിക്കും.

## റെയിൽവേ പോലീസിൽ 4660 SI / കോൺസ്റ്റബിൾ

റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, റെയിൽവേ സ്പെഷൽ പ്രൊട്ടക്ഷൻ ഫോഴ്സ് എന്നിവിടങ്ങളിൽ 4,208 കോൺസ്റ്റബിൾ, 452 സബ്ഇൻസ്പെക്ടർ ഒഴിവുകളിലേക്ക് ഓൺലൈനായി മേയ് 14 വരെ അപേക്ഷിക്കാം.

- സ്ത്രീകൾക്കും അവസരമുണ്ട്.
- RPF 01/2024 & RPF 02/2024 ആണ് സെൻട്രലൈ സ്ഡ് എംപ്ലോയ്മെന്റ് നോട്ടിസ് നമ്പർ.

- കോൺസ്റ്റബിൾ തസ്തികയിൽ പത്താം ക്ലാസ്/തത്തുല്യയോഗ്യതയുള്ള 18–28 പ്രായക്കാർക്ക് അപേക്ഷിക്കാം.
- എസ്.ഐ. തസ്തികയിൽ ബിരുദമാണ യോഗ്യത.
- **പ്രായപരിധി:** 20–28.

കംപ്യൂട്ടർ ബേസ്ഡ് ടെസ്റ്റ്, ശാരീരികക്ഷമതാ പരിശോധന, ശാരീരിക അളവെടുപ്പ് പരിശോധന, ഡോക്യുമെന്റ് വെരിഫിക്കേഷൻ എന്നിവ മുഖേനയാണ് തിരഞ്ഞെടുപ്പ്. ശാരീരികക്ഷമതാ പരിശോധനയിൽ ഇനിപ്പറയുന്ന ഇനങ്ങളുണ്ടാകും:

**☞ കോൺസ്റ്റബിൾ (എക്സിക്യൂട്ടീവ്):**

•**പുരുഷൻ:** 5 മിനിറ്റ് 45 സെക്കൻഡിൽ 1,600 മീറ്റർ ഓട്ടം, ലോങ് ജംപ് 14 അടി, ഹൈജംപ് 4 അടി.

•**സ്ത്രീ:** 3 മിനിറ്റ് 40 സെക്കൻഡിൽ 800 മീറ്റർ ഓട്ടം, ലോങ് ജംപ് 9 അടി, ഹൈജംപ് 3 അടി.

**☞ സബ് ഇൻസ്പെക്ടർ (എക്സിക്യൂട്ടീവ്):**

•പുരുഷൻ: 6 മിനിറ്റ് 30 സെക്കൻഡിൽ 1600 മീറ്റർ ഓട്ടം, ലോങ് ജംപ് 12 അടി, ഹൈജംപ് 3 അടി 9 ഇഞ്ച്.

•സ്ത്രീ: 4 മിനിറ്റിൽ 800 മീറ്റർ ഓട്ടം, ലോങ് ജംപ് 9 അടി, ഹൈജംപ് 3 അടി.

•ശാരീരിക അളവുകൾ, ഫീസ് തുടങ്ങിയ വിവരങ്ങൾക്ക് സൈറ്റ് കാണുക. www.rrbthiruvananthapuram.gov.in

## ഇൻഡസ്ട്രി സെറ്റപ്പ് സപ്പോർട്ട് വർക്ഷോപ്പ്

വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ് മെന്റ് (KIED) സംരംഭം തുടങ്ങാൻ ആ ഗ്രഹിക്കുന്നവർക്കായി "ഇൻഡസ്ട്രി സെറ്റപ്പ് സപ്പോർട്ട് വർക്ഷോപ്പ്" സംഘടിപ്പിക്കുന്നു. 2024 മേയ് 8 മുതൽ 10 വരെ കളമശ്ശേരിയിൽ ഉള്ള KIED ക്യാമ്പസ്സിൽ വെച്ചാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

വിവിധ വകുപ്പുകളുടെ നിയമങ്ങൾ , Town & Country Planning, KSEB, Fire & Rescue, Factories & Boilers, Labour, Pollution Control Board, Legal Metrology, Food safety തുടങ്ങിയ വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട ലൈസൻസുകൾ , KSWIFT പോർട്ടൽ മുഖേനെയുള്ള അനുമതികൾ തുടങ്ങിയ വിഷയങ്ങൾ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓൺലൈനായി http://kied.info/training-calender/ ൽ മേയ് 6ന് മുൻപ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ മാത്രം ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക്: 0484 2532890, 2550322, 9188922785

# പൊതുവിജ്ഞാനം

1. പാക്കിസ്ഥാന്റെ ഇപ്പോഴത്തെ പ്രധാനമന്ത്രി ആരാണ്?

**Ans: ഷെഹ്ബാസ് ഷെരീഫ്**

2. പെൺകൂട്ട് വനിതാ ഫിലിം സൊസൈറ്റി എന്ന പേരിൽ ഒരു ഫിലിം സൊസൈറ്റി 2024 മെയ് 01 ന് കേരളത്തിലെ ഏത് ജില്ലയിലാണ് തുറക്കുന്നത്?

**Ans: കോഴിക്കോട്**

3. 2024 ഏപ്രിലിൽ ഇന്ത്യൻ റിന്യൂവബിൾ എനർജി ഡെവലപ്മെൻറ് ഏജൻസിക്ക് ഇന്ത്യൻ സർക്കാർ നൽകിയ ഏറ്റവും പുതിയ അംഗീകാരം എന്താണ്?

**Ans: നവരത്ന പദവി**

4. 2024 ഏപ്രിലിൽ ധനമന്ത്രാലയത്തിൽ നിന്ന് അംഗീകൃത സാമ്പത്തിക ഓപ്പറേറ്റർ പദവി ലഭിച്ചത് ഏത് മേഖലയ്ക്കാണ് ?

**Ans : ജെം ആൻഡ് ജ്വല്ലറി മേഖല**

5. അടുത്തിടെ രാജി വെച്ച ഹെയ്തി പ്രധാനമന്ത്രി ?

**Ans : ഏരിയൽ ഹെൻടി**

6. അടുത്തിടെ വാഗമണ്ണിൽ കണ്ടെത്തിയ പുതിയ ഇനം സസ്യം?

**Ans: Litsea Vagamonica**

7. 2024 വേൾഡ് U –20 അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് വേദി എവിടെയാണ്?

**Ans: ലിമ**

8. കടലിനു മേലെ നിർമ്മിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ വെർട്ടിക്കൽ ലിഫ്റ്റ് പാലം നിലവിൽ വരുന്നത് എവിടെ ?

**Ans: രാമേശ്വരം**

9. ഇന്ത്യയിലെ ആദ്യത്തെ ട്രാൻസ് ഷിപ്പ്മെൻറ് ഓപ്പറേഷൻ ആയി പ്രവർത്തിക്കാനുള്ള അനുമതി ലഭിച്ചത് ഇന്ത്യയിലെ ഏത് തുറമുഖത്തിനാണ്?

**Ans: വിഴിഞ്ഞം തുറമുഖം**

10. കേരളാ ബ്ലാസ്റ്റേഴ്സിന്റെ മുഖ്യ പരിശീലക സ്ഥാനം രാജി വെച്ച കോച്ചിന്റെ പേര് ?

**Ans: ഇവാൻ വുകോമാനോവിച്ച്**

11. 2024 ലെ ഐ.സി.സി വനിതാ ടി-20 ലോകകപ്പ് യോഗ്യതാ മത്സരത്തിന്റെ അംബാസിഡർ ആയി ആരെയാണ് തിരഞ്ഞെടുത്തത് ?

**Ans: സന മിർ**

12. ഇന്ത്യയിലെ മാർക്കറ്റ് ക്യാപിറ്റലൈസേഷൻ പ്രകാരം ഏറ്റവും വലിയ നാലാമത്തെ വായ്പ നൽകുന്ന ബാങ്ക് ഏതാണ്?

**Ans: ആക്സിസ് ബാങ്ക്**

13. ഏത് രാജ്യത്തിന് വേണ്ടിയാണ് ചൈന എട്ട് ഹാംഗർ ക്ലാസ് അന്തർവാഹിനികളിൽ

ആദ്യത്തേത് അടുത്തിടെ പുറത്തിറക്കിയത്?

**Ans : പാകിസ്ഥാൻ**

14. ഇന്ത്യയിലെ ആദ്യ മൾട്ടി പർപ്പസ് ഗ്രീൻ ഹൈഡ്രജൻ പൈലറ്റ് പദ്ധതി ഉദ്ഘാടനം ചെയ്യപ്പെട്ടത്?

**Ans: ഹിമാചൽ പ്രദേശ്**

15. പവിഴപ്പുറ്റുകളെ സംരക്ഷിക്കുന്നതിനായി ക്രൗൺ ഓഫ് തോൺസ് എന്ന സ്റ്റാർഫിഷുകളെ നിയന്ത്രിതമായി കൊന്നൊടുക്കിയ രാജ്യം ?

**Ans: ഓസ്ട്രേലിയ**

16. മൊബൈൽ ഡാറ്റാ വിനിമയത്തിൽ ഒന്നാം സ്ഥാനത്തുള്ള കമ്പനി?

**Ans: റിലയൻസ് ജിയോ**

17. ബോയിങ്ങിന്റെ സ്റ്റാർലൈൻ ബഹിരാകാശ വാഹനത്തിന്റെ യാത്രയുടെ ഭാഗമാകുന്ന ഇന്ത്യൻ വംശജ ?

**Ans: സുനിതാ വില്യംസ്**

18. ഉൾനാടൻ ജലപാതകളിലെയും കപ്പൽ നിർമ്മാണത്തിലേയും വെല്ലുവിളികളും വരാനിരിക്കുന്ന പരിഹാരങ്ങളും എന്ന വിഷയത്തിൽ സംഘടിപ്പിച്ച ഒരു സമ്മേളനം എവിടെ വെച്ചാണ് നടന്നത് ?

**Ans: കൊച്ചി**

19. ഐ.സി.സി പുരുഷ ടി-20 ലോകകപ്പ് 2024 ലെ ഇന്ത്യയിൽ നിന്നുള്ള അംബാസിഡർ ആയി ആരെയാണ് തിരഞ്ഞെടുത്തത് ?

**Ans: യുവരാജ് സിംഗ്**

20. 2024 ഏപ്രിൽ 22 ന് അന്തരിച്ച 'ഇന്ത്യൻ സൈക്കോളജിയുടെ പിതാവിന്ടെ' പേര് ?

**Ans: സുധീർ കാക്കർ**

21. പുരുഷന്മാരുടെ 10 M എയർ റൈഫിളിൽ നിലവിലുള്ള ഫൈനൽ ലോക റെക്കോർഡ് തകർത്തത് ഇന്ത്യയിൽ നിന്ന് ആരാണ്?

**Ans: അർജ്ജുൻ ബാബുത**

22. 2024 ഏപ്രിൽ 24 ന് ലതാ ദീനാനാഥ് മങ്കേഷ്കർ അവാർഡ് ആർക്കാണ് ലഭിച്ചത് ?

**Ans: അമിതാഭ് ബച്ചൻ**

23. 'ഇന്ത്യൻ സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ പിതാവ്' എന്നറിയപ്പെടുന്ന പ്രധാനമന്ത്രി?

**Ans: പി.വി.നരസിംഹറാവു**

24. 2024 ഭൗമ ദിനാഘോഷത്തോടനുബന്ധിച്ച് ഇന്ത്യയിലെ ഏറ്റവും വലിയ കാലാവസ്ഥാ ഘടികാരം സ്ഥാപിതമായത്?

**Ans: ന്യൂഡൽഹി**

25. ചന്ദ്രയാൻ 3 ചന്ദ്രനിൽ ഇറങ്ങിയ സ്ഥലത്തിന് നൽകിയിരിക്കുന്ന ഔദ്യോഗിക പേര് എന്താണ് ?

**Ans: സ്റ്റാറ്റിയോ ശിവ ശക്തി**

## മെയ് മാസത്തിലെ പ്രധാന ദിവസങ്ങൾ

- മേയ് 1 – മേയ് ദിനം
- മേയ് 2 – ലോക ട്യൂണ ദിനം
- മേയ് 3 –പത്രസ്വാതന്ത്ര്യദിനം
- മേയ് 3 – ലോക സൗരോർജ്ജദിനം
- മേയ് 6 – ലോക ആസ്ത്മാ ദിനം
- മേയ് 8 – ലോക റെഡ്ക്രോസ് ദിനം
- മേയ് 10 – ലോക ദേശാടനപ്പക്ഷി ദിനം
- മേയ് 11 – ദേശീയ സാങ്കേതിക ദിനം
- മേയ് 12 – ആതുര ശുശ്രൂഷാ ദിനം
- മേയ് 13 – ദേശീയ ഐക്യദാർഢ്യദിനം
- മേയ് 14 – മാതൃ ദിനം ( മേയ് മാസത്തിലെ രണ്ടാമത്തെ ഞായറാഴ്ച )
- മേയ് 15 –അന്താരാഷ്ട്ര കുടുംബദിനം
- മേയ് 16 – സിക്കിംദിനം
- മേയ് 17 – ലോകവിദൂര വാർത്താവിനിമയദിനം
- മേയ് 21 – ഭീകരവാദവിരുദ്ധ ദിനം
- മേയ് 22 – ജൈവ വൈവിധ്യദിനം
- മേയ് 24 – കോമൺവെൽത്ത് ദിനം
- മേയ് 27 – നെഹ്രുവിന്റെ ചരമ ദിനം
- മേയ് 28 – അന്താരാഷ്ട്ര സ്ത്രീ ആരോഗ്യ പ്രവർത്തന ദിനം
- മേയ് 29 – മൗണ്ട് എവറസ്റ്റ് ദിനം
- മെയ് 30– സെന്റർ ഓഫ് ഇന്ത്യൻ ട്രേഡ് യൂണിയൻ (സി.ഐ.ടി.യു) സ്ഥാപക ദിനം
- മേയ് 31 – ലോക പുകയില വിരുദ്ധദിനം

DE/2554/2023-Q4
2242477/2024/FC DE



Published by

# UNIVERSITY EMPLOYMENT INFORMATION AND GUIDANCE BUREAU

MAHATMA GANDHI UNIVERSITY, KOTTAYAM
Phone: 0481-2731025, E-Mail: ugbktm.emp.lbr@kerala.gov.in